


# Happen bytes

## Digital Magazine

ജി. എച്ച്. എസ്. ഓടപ്പള്ളം

Email: ghsodappallam@gmail.com
blog: www.ghsodappallam.blogspot.com

ആറു പതിറ്റാണ്ടു കാലമായി
തലമുറകൾക്ക്
അറിവിന്റെ അക്ഷരങ്ങൾ
പകർന്നു നൽകി
**ഓടപ്പള്ളം ഗവഃ ഹൈസ്ക്കൂൾ**
മികവിന്റെ പാതയിൽ മുന്നോട്ട്....



# എഡിറ്റോറിയൽ

പ്രിയ കൂട്ടുകാരെ,

കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗ്ത്ത് പുതുചലനങ്ങളുണർത്തിക്കൊണ്ട് " ലിറ്റിൽ കൈറ്റ്സ് " പുതിയൊരു പാന്ഥാവിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. പാഠപുസ്തകങ്ങളിലൂന്നിയുള്ള കേവല വിദ്യാഭ്യാസത്തിനപ്പുറം പഠനപ്രക്രിയയുടെ മുഖച്ഛായ തന്നെ മാറിക്കൊണ്ടിരിക്കുന്നു.വിവര സാങ്കേതിക വിദ്യയുടെ കുതിച്ചുചാട്ടം വിദ്യാർത്ഥികളിലെത്തിക്കുകയും, അവരെക്കൂടി അതിൽ ഭാഗവാക്കാക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ നമ്മുടെ വിദ്യാലയത്തിൽ പ്രവർത്തിക്കുന്ന " ലിറ്റിൽ കൈറ്റ്സ് "ക്ലബ്ബിന്റെ ഒരു ചെറിയ സംരംഭമാണ് ഈ ഡിജിറ്റൽ മാഗസിൻ. കുറ്റങ്ങളും കുറവുകളും സദയം ക്ഷമിക്കണമെന്ന അപേക്ഷയോടുകൂടി ഇത് നിങ്ങൾക്കുമുന്നിൽ സമർപ്പിക്കുന്നു.

ആശംസകളോടെ<br>
ആദിത്യ. എ. എസ്<br>
എഡിറ്റർ



# സന്ദേശം

ഗവ:ഹൈസ്കൂൾ ഓടപ്പള്ളം ലിറ്റിൽ കൈറ്റ് അംഗങ്ങൾ
തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എന്റെ പേരിൽ
എല്ലാവിധ ആശംസകളും നേരുന്നു.
ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ലിറ്റിൽകൈറ്റ്
അംഗങ്ങൾക്കും അധ്യാപകർക്കും
അഭിനന്ദനങ്ങൾ

**സുരാജ് നടുക്കണ്ടി**
പ്രധാന അധ്യാപകൻ
ഗവ.ഹൈസ്കൂൾ ഓടപ്പള്ളം



# സന്ദേശം

നാം ഇന്ന് ജീവിക്കുന്നത് ശാസ്ത്രലോകത്താണല്ലോ. വിവരസാങ്കേതികവിദ്യയിലൂടെ മനുഷ്യപുരോഗതിയും വേഗമേറിക്കൊണ്ടിരിക്കുന്നു. ഇതിന്റെ നേട്ടങ്ങൾ നാം ഓരോരുത്തരും അനുഭവിച്ചുകൊണ്ടിരിക്കുന്നു. ഇവയുടെ പ്രയോജനങ്ങൾക്കൊണ്ട് ഓടപ്പള്ളം ഗവ: ഹൈസ്ക്കൂളിലെ ലിറ്റിൽ കൈറ്റ് ക്ലബ്ക്കൂട്ടുകാർ അണിയിച്ചൊരുക്കുന്ന ഡിജിറ്റൽ മാഗസിൻ എന്തു-കൊണ്ടും പ്രശംസനീയമാണ്. വിദ്യാലയത്തിൽ ഇത് ഒരു നാഴികക്കല്ലായിമാറട്ടെ.......

വിജയാശംസകൾ നേരുന്നു....

സ്നേഹപൂർവ്വം
എ.കെ.പ്രമോദ്
പി.റ്റി.എ.പ്രസിഡന്റ്

# ഉള്ളടക്കം

ഒരു അതിജീവനത്തിന്റെ കഥ.............................................................7
പ്രളയത്തെ അതിജീവിച്ച് മലയാളികൾ..................................................11
സൗഹൃദം .................................................................................13
അതിജീവനത്തിന്റെ വിജയപഥം ....................................................... 14
പുലർകാല..................................................................................16
കാത്തിരുന്ന് കാത്തിരുന്ന് ..............................................................17
ചിതറിപ്പോയ പ്രകൃതി.....................................................................18
ചാണക്യൻ..................................................................................19
ഹാരപ്പൻ സംസ്കാരം.......................................................................21
വില്യം ഷേക്സ്പിയർ(1556-1616).......................................................25
ഒ. എൻ. വി. കുറുപ്പ് .......................................................................26
നിനവ് .......................................................................................27
അഭിമാനത്തോടെ, ആഹ്ലാദത്തോടെ,....................................................28
ഇംഗ്ലീഷ് പഠനം ഇനി അന്താരാഷ്ട്ര നിലവാരത്തിൽ ................................29
അനാഥമാക്കപ്പെട്ട ബാല്യം ................................................................30
കടംകഥകൾ ................................................................................32
പഴം ചൊല്ലുകൾ ...........................................................................33
രണ്ടു മിഴികൾ ............................................................................34
ചില നിമിശങ്ങളിലൂടെ ....................................................................35

കഥ

# ഒരു അതിജീവനത്തിന്റെ കഥ

ആര്യശ്രീ. പി. ആർ



അതിജ്ജീവനത്തിന്റെ  നാഴികല്ലുകൾ  താണ്ടി പുതിയൊരു ലോകത്ത് പുതിയൊരു ജ്ജിവിതം തുടങ്ങുന്നു. ആ പ്രയാണങ്ങളിലെവിടെയോ ജ്ജിവിതത്തിന്റെ നശ്വരത വെളിവാകുന്നു കുറെ ചിത്രങ്ങളും അനുഭവങ്ങളും. ആ ഓർമ്മയുടെ നീർച്ചാലിലേക്കി വഴുതിവീഴുമ്പോൾ, എന്നുമില്ലത്തൊരു കാറ്റ്.ദിശമാറി വീശുന്നു. ഓലമേഞ്ഞ ആ ചെറ്റക്കുടിലിൽ അവൾ ഒറ്റക്കാണ്. ആരുടെയൊക്കെയോ പാദപതനങ്ങൾ ദർശിച്ചു പോന്ന ജ്ജിവിതത്തിൽ ഇത്  ആദ്യമായാണ് കാറ്റും തോരമഴയും . എപ്പോൾ വേണമെങ്കിലും  മരണം പുൽകും. കായലിനരികെയുള്ള ആ വീട് ഏതു നിമിഷവും വെള്ളത്തിനടിയിൽ പെടാം.അമ്മിണി എന്നും ഒറ്റക്കായിരുന്നു.ഭർത്താവില്ല.രണ്ട് കൊല്ലം മുമ്പ് ഒരു തോണിയപകടത്തിൽപ്പെട്ട് മരിച്ചു.  ഇപ്പോഴിതാ തന്നെ കൊണ്ട്  പോകാനാന്നെന്നു തോന്നുന്നു. വേറൊരു കാറ്റും മഴയും.

മാധ്യമങ്ങളിലും പത്രങ്ങളിലും ഈ മഴ സ്ഥാനം പിടിച്ചു.എത്രയെത്ര  മനുഷ്യരുടെ ജ്ജിവിതമാണ് ഇവൻ കവർന്നെടുത്തത്.അയൽ പക്കത്തെ കൂട്ടച്ചയിലിന്നതാണു വിഷയം.ഒരു വേലിക്കപ്പുറവും ഇപ്പുറവും നിന്ന് പാക്കിസ്ഥാൻ ഇന്ത്യ അതിർത്തിയിൽ എന്നപ്പോലെ പക്ഷം നിന്ന് സംസാരിക്കുന്നു.ഒരുവർ മഴയുടെ കൂടെയും മനുഷ്യന്റെ കൂടെയും.

അമ്മിണി പറഞ്ഞു " മഴയെ പറഞ്ഞിട്ടു കാര്യമില്ല. മനുഷ്യന്റെ ദുഷ്ടപ്രവർത്തി പ്രകൃതിയെ കൊണ്ട് ഒരോന്ന് ചെയ്യിക്കുന്നത്.എന്നാൽ ചിലർ അതുസമ്മതിച്ചില്ല". എന്നാലും ഇത്രയും മഴയും കാറ്റും എന്റെ ജ്ജീവിതത്തിൽ ദർശിച്ചിട്ടില്ല"  "  വൈകാതെ

നമ്മുടെ ഇവിടയും വെള്ളം കയറും". അമ്മിണി അഭിപ്രയപ്പെടാൻ മടിച്ചില്ല ക്രൂട്ടചർച്ച സമാപനത്തിനു ശേഷം അവൾ വീടിനുള്ളിലെക്ക് പോയി.

കാറ്റും മഴയും തിമിർത്താടുകയാണ്.രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ അവളുടെ മനസ്സിൽ ആദിയായിരുന്നു.ഒരു കാറ്റടിച്ചാൽ പറന്നു പോകുന്ന മേൽക്കൂര. താൻ അതിനുള്ളിൽ സുരക്ഷിതയല്ല എന്നു നിശ്ചം വരുത്തിയെങ്കിലും പോകാൻ ഒരിടവും ഇല്ലാത്ത അവൾക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞിരുന്നില്ല.

നേരം വെളുക്കും മുമ്പ് അവിടിവിടങ്ങളിലായി ഒച്ചപാടും ബഹളവും കേട്ടുതുടങ്ങി. അവൾ കണ്ണുതുറന്നപ്പോൾ കണ്ടത് വെള്ളത്തിൽ ഓടിക്കളിക്കുന്ന വീട്ടുസാധനങ്ങളെയും കുതിർന്നു കിടക്കുന്ന തുണിത്തരങ്ങളുമാണ്. ജീവിതം തള്ളി നീക്കുന്ന അവളെ സംബന്ധിച്ച് തകർന്നടിഞ്ഞത് ഒരായുസാണ്.

ഫയർഫോൾസും സേനകളും എല്ലാം വീടിനു മുമ്പിലും പരിസരത്തും . ആരെക്കെയോ വന്ന് തന്നെ എടുത്തുകൊണ്ടു പോകുന്നു. വീടിനു വെളിയിൽ ഇറങ്ങിയതും ആ ഓല കുടിൽ നിലം പതിച്ചു. ഒരായിസ്സുകോണ്ട് ചെയ്തതെല്ലാം ഒരു നിമിഷം കൊണ്ട് നിലംപതിച്ചപ്പോൾ അവളുടെ മുന്നിൽ കണ്ട മാർഗം മരണം മാത്രമായിരുന്നു.

ക്യാമ്പുകളിലേക്ക്..........എന്ന് അലറികൊണ്ട് ചുറ്റുപാടും നിൽക്കുന്ന ആളുകളെ ഓരോരുത്തരേയും അവൾ നോക്കി. എല്ലാം തകർന്ന ഒരു മനുഷ്യന്റെ പൂർണ്ണ പതനം അവരുടെ കവിളുകളിൽ തുടിച്ചു നിൽക്കുന്നയിരുന്നു.എന്നാൽ അതിൽ ഒരാൾ മാത്രം സന്തോഷിക്കുന്നുണ്ടായിരുന്നു.എല്ലാവരും അവനെ നോക്കി പിറുപിറുക്കാൻ തുടങ്ങി. അതിൽ ഒരാൾ ചോദിച്ചു.

" നിന്റ മുഖത്തു മാത്രമാണല്ലോ സന്തോഷം നീഎന്തിനാണു സന്തോഷിക്ക്ന്നത്?" ഒന്നു മെല്ലെ പുഞ്ചിരിച്ചുകൊണ്ടവൻ പറഞ്ഞു

ലോകം കണ്ട ഏറ്റവും വലിയ പ്രളയത്തെ ഞാൻ അതിജീവിച്ചിരുന്നു. എന്റ ഈ ജീവിതത്തിൽ ഇനി ഏതു വിപത്തിനെയും അതിജീവിക്കാൻ കഴിയുമെന്ന് എനിക്കുറപ്പാണ് . ഞാനെന്തിനു സങ്കടപ്പെടെണം?.

ആ ക്യാമ്പിലുള്ള സകലമാനം പേരും അവനെ നോക്കി. അമ്മിണി സ്വന്തം മനസ്സിനോടു പറഞ്ഞു. "ഞാനെന്തിനു മരിക്കണം. ഞാൻ മരണത്തെ അതിജീവിച്ചവളാണ്. മരണത്തിനെ വിലക്കുവാങ്ങിയാൽ ഞാൻ ഞാനല്ലാതാവും."

" ഏതു വിപത്തിനെയും അതിജിവിക്കുമ്പോഴാണ് മനുഷ്യൻ എന്ന സുന്ദരപതത്തിന്റ അർഥം മനോഹരമാകുന്നത്."

അവൾ ഉച്ചത്തിൽ പറയുകയാണ് .

" ഞാൻ അതിജിവിച്ചിരിക്കുന്നു."

ലേഖനം

# കേരളം കണ്ടതിൽ ഏറ്റവും വലിയ ദുരന്തം

സ്നേഹ വർഗീസ്

നാമെല്ലാം കണ്ടതിൽവച്ച് ഏറ്റവും വലിയ പ്രകൃതി ദുരന്തമാണ് നമ്മുടെ കേരളം അനുഭവിച്ചത്. ഒട്ടനവധി ദുരതിങ്ങളും പട്ടിണിയും വിതച്ചാണ് ആ പ്രളയം കടന്നു പോയത്. ഇത് എനിക്ക് സഹിക്കാൻകഴിയുന്നിലും അപ്പുറമായിരുന്നു. കേരളത്തിന്റെ കോടികളുടെ സ്വത്ത് നശിപ്പിച്ച ആ പ്രളയം ജീവന് വില ചോദിച്ചു. കൃഷിചെയ്ത് വയറുനിറച്ച കർഷകരുടെ വിശപ്പു കൊണ്ടാണ് പ്രളയം കടന്നു പോയത്. നമ്മുടെ കേരളത്തെ വീണ്ടെടുക്കാൻ ജനങ്ങൾ വേർതിരിവില്ലാതെ ചുവട് മുന്നോട്ട് വച്ചു. രാജ്യത്തെ സുരക്ഷാസേനകൾ എല്ലാം മറന്ന് കേരളത്തിന് വേണ്ടി പോരാടി എന്തിനാണ് ഈ ദുരന്തം ഇപ്പോൾ വിതച്ചത്? ഇത് പിന്നീട് വരാനുള്ളതായതുകൊണ്ടാണോ? ഈ ദയനീയമായ അവസ്ഥ കേരള ജനത മറക്കരുത് മായാത്ത മുറിപ്പാടായി അത് എപ്പോഴും ജനങ്ങുടെ മനസ്സിലുണ്ടാകണം.വീടും കടിലും വേണ്ടപ്പെട്ടവരെയും നഷ്ട്മായ ദുരന്തം. ഇതിനെല്ലാം വഴിയൊരുക്കിയത് ആരാണ്? ജലത്തിൽ മുങ്ങിക്കുളിക്കുന്ന കേരളം. കേരള ജനതയുടെ മനസ്സ് തിരതച്ചറിഞ്ഞ പ്രളയം. മഴക്കെടുതിയും ഡാമുകൾ തുറന്നതും അപ്രതിക്ഷിതമായാണ് ജനങ്ങൾ നേരിട്ടത്.



ജനങ്ങൾ ചെയ്ത അശാസ്ത്രിയമായ പ്രവർത്തനങ്ങൾക്ക് ദുരന്തം ഇങ്ങനെ വിതച്ചുകൊണ്ടിരിക്കുമോ? ആ പ്രളയം പുഞ്ചിരിമായാത്ത കുരുന്നുകളുടെ മുഖത്തെ ശോഭമായിച്ചു. ജനങ്ങൾക്ക്, വീടും കൂടും സ്വന്തവും ബന്ധവും വസ്ത്രവും പണവും നഷ്ടപ്പെടുത്തിയ പ്രളയം ആരും മറക്കരുത് . ഇവരെ തന്റെ സ്വപ്നങ്ങൾ വിണ്ടെടുക്കാൻ ശ്രമിക്കുന്ന ജനങ്ങളും ഒരോകുഞ്ഞും ഓർമ്മിക്കട്ടെ ഈ ദുരന്തത്തെ നാടിനെയും വിടിനെയും രജ്യത്തെയും കാത്തുസൂക്ഷിക്കാൻ പഠിക്കട്ടെ! നമുക്കെല്ലാവർക്കും കൈ കോർക്കാം! പ്രകൃതിയിലലകൃതമായ ഒരു കേരളത്തിനുവേണ്ടി, ഒരു നല്ല പ്രദേശത്തിനുവേണ്ടി , ഒരു നല്ല രാജ്യത്തിനുവേണ്ടി നാം കാത്തിരിക്കുന്ന ഭൂമിക്കുവേണ്ടി...



**ലേഖനം**

# പ്രളയത്തെ അതിജീവിച്ച് മലയാളികൾ

*മീര ലക്ഷ്മി ടി.ആർ*



അതിജീവനത്തിന്റെ പാതയിൽ ഇന്ന് കേരളം കണ്ട മഹാദുരന്തം. ഇന്നും മലയാളികൾ ഓർക്കുന്നു. അതിജീവനത്തിനത്തിനായി ഒത്തൊരുമിച്ച് നിന്ന ഒരുപാട് മനുഷ്യസ്നേഹികളെ. സ്വന്തമെന്നുപറയാൻ ആരുമില്ലാതെ നിന്ന ഒരുപാട് മനുഷ്യർ എല്ലാം പ്രളയം കൊണ്ടുപോയി. എന്നിട്ടും അതിജീവനത്തിനായി കേരളീയർ ജാതിയും മതവും സംസ്കാരവും എല്ലാം മറന്ന് ഒരൊറ്റമനസ്സോടെ പ്രവർത്തിച്ചു. കേരളത്തിന് നേരിടേണ്ടിവന്ന ഈ ഒരവസ്ഥയിൽ ഒരു ധനികനെന്നോ ദരിദ്രനെന്നോ വേർതിരിവില്ല. എല്ലാവർക്കും നഷ്ടമായത് ഒരുപോലെത്തന്നെയാണ്. ദുരിതാശ്വാസക്യാമ്പിൽ കഴിഞ്ഞവർ തമ്മിൽ ഒരു ചലനവുമുണ്ടായിരുന്നില്ല. കാരണം അവർ വ്യത്യസ്ത് സാഹച ര്യങ്ങളിൽ വളർന്നവരാണെങ്കിൽ പ്രളയം വന്ന ഈ സാഹ ചര്യത്തിൽ എല്ലാവരും സമന്മാരാണ് പ്രളയത്താ ൽ വീടാകെ വെള്ളം കയറിയപ്പോൾ മറ്റൊന്നും നോക്കാതെ സ്വന്തം കുഞ്ഞുമായി ഉടുത്തിരിക്കുന്ന ഉടുതുണിയുമായി ജീവനുവേണ്ടി ഓടിയപ്പോൾ തന്റെ അധ്വാനം എല്ലാം

നഷ്ട്ടപ്പെട്ടുകയാണ്. എന്തിനീ പ്രകൃതി കേരളീയരോട് ഇങ്ങനെ ചെയ്തു.

ദൈവത്തിന്റെ സ്വന്തം നാട്, എന്ന് വിശേഷിപ്പിച്ച കേരളത്തെ ഇന്നിതാ എല്ലാവരും നോക്കികാണുന്നത് ദൈവം കൈവിട്ട കേരളം ഭൂതകാലത്ത് നാം പ്രകൃതിയോട് കാണിച്ച അതിക്രമങ്ങൾ ഇന്ന് പ്രകൃതി ഓരോന്നായി പ്രതികരിക്കുന്നു.

ഇന്ന് വാസസ്ഥലങ്ങൾ പോലും ഇല്ലാത്ത എത്ര പേർ സ്വന്തം കുഞ്ഞുങ്ങളെയും വേണ്ടപ്പെട്ടവരെയും നഷ്ടപ്പെട്ട എത്രപ്പേർ ഭക്ഷണമില്ലാതെ പട്ടിണികിടക്കുന്ന എത്രപേർ സ്വന്തം ജിവനായി അലയുന്ന എത്രയാൾക്കാർ ഇങ്ങനെ കേരളിയർ അനുഭവിച്ചതിന് കണക്കില്ല.മാലിന്യങ്ങളും മറ്റ് കണ്ണും പൂട്ടി പുഴയിലെറിഞ്ഞപ്പോൾ ഓർക്കണമായിരുന്നു.ഇന്ന് പ്രളയത്തിൽ വീടിനകം മുഴുവൻ മാലിന്യങ്ങളാൽ നിറയുമ്പോൾ .

ഇന്ന് ഈ അതിജീവപാതയിൽ നിക്കുമ്പോൾ പുതിയ ഒരു കേരളത്തിനുവേണ്ടി താങ്ങായി ഒരേ മനസ്സോടെ നിന്ന കേരളത്തിനുവേണ്ടി ജനതയെ ഓർക്കുക. സ്വന്തം ജീവൻ വരെ കളഞ്ഞ് അതിജീവനത്തിനു വേണ്ടി പ്രവർത്തിച്ച മത്സ്യതോഴിലാളികൾ,നാവികസേന ഇങ്ങനെ ഓരോ മനുഷ്യസ്നേഹിയേയും ഓർക്കുക

**ഭൂമിയിൽ**
**മനുഷ്യനോളം**
**വലുതായിട്ടൊന്നുമില്ല**
**മനുഷ്യനിലോ**
**മനസ്സോളം**
**വലുതായിട്ടന്നുമില്ല**
**–സർ വില്യം**

***കവിത***

# സൗഹൃദം

ഷെൽജിൻ വർക്കി



ഇന്നലെ  എന്റെ  വിദ്യാലയച്ചുവട്ടിൽ
അറിവ് പകർന്ന് തെറ്റുകൾ തിരുത്തിയും
കഥകൾ  പറഞ്ഞു  രസിക്കുവാൻ
എനിക്കുമുണ്ടൊരു  സൗഹൃദക്കൂട്ടം.
        വിഷമങ്ങളിൽ  പങ്ക് ചേരുവാൻ
        മുള്ളിന്റെ  മുന നെഞ്ചിന്റെ  തറയിൽ
        തഴുകി  അത് അളക്കുവാൻ
        എനിക്കുമുണ്ടൊരു  സൗഹൃദം.
ദുഃഖങ്ങൾ  പങ്ക് ചേരുവാനും
സ്വപ്നങ്ങൾ  നെയ്യുവാനും
സ്വപ്ന  ജാലകം  തുറന്ന്
മിഠായി  നുണയുവാൻ  ഉണ്ടൊരു  സൗഹൃദം.
        വഴക്കും  വക്കാലവും  വേണ്ട
        മനസ്സുക്കൊണ്ട് സ്നേഹത്തുവൽ
        പൊഴിച്ചിടാം  ജാലക  പഴുതിലൂടെ
        നീന്തിതുടിച്ചിടാം  ഒരു  കൊച്ചു
        *സൗഹൃദച്ചുവട്ടിലെ  ആനന്ദങ്ങൾ.*

കഥ

# അതിജീവനത്തിന്റെ വിജയപഥം

അപർണ്ണ അനിൽ



ആ യാത്രയിൽ കാറ്റിന്റെ തഴുകലിൽ അവൾ ചാഞ്ഞുമയങ്ങി. ആ യാത്ര ഒരു അതിജീവനത്തിന്റെ ഓർമ്മപ്പെടുത്തലായിരുന്നു. പാറപ്പുറം ഗവ:ഹൈസ്കൂളിൽ കൗമാരകാലം. സ്കൂളിന്റെ അഭിമാനമായിരുന്ന ആരതി.കലോൽസവങ്ങളിലും പഠനത്തിലും തിളങ്ങിനിന്നു.10-ാം ക്ലാസിലേക്കുള്ള ചുവചുവയ്പ്പിലേക്കാണവൾ നീങ്ങിയത്. അധ്യാപകർക്ക് ഏറ്റവും പ്രിയപ്പെട്ട ആരതി.

സ്കൂൾ തുറന്നു. വെള്ളയും നീലയും നിറങ്ങളിലുള്ള യൂണിഫോം ധരിച്ച് അവൾ വിദ്യാലയത്തിലേക്ക് നീങ്ങി. അമ്മയുടെയും അമ്മൂമ്മയുടെയും അനുഗ്രഹവും വാങ്ങി അമ്പലത്തിലും പോയി. അവൾ വളരെ സന്തോഷത്തോടെ ക്ലാസിലെത്തി. ചാക്കോമാഷ് വന്നു. ആളൊരു ചൂടൻതന്നെയാണ്,പക്ഷെ കുട്ടികളിൽ അനുകമ്പയുണ്ടായിരുന്ന ഒരേയൊരുമുഖം അത് ആരതിയുടേതായിരുന്നു. മാഷ് പഠിപ്പിക്കാൻ $(a+b)^2$ എത്രയാ? രാജേഷ് ഉത്തരം അറിയാമോ?രഘു....യദു....അങ്ങനെ ആക്ലാസിൽ എല്ലാവരും തന്നെ എഴുന്നേറ്റു ഒരാളൊഴിച്ച്. അവസാനമായി സാർ ആരതിയെവിളിച്ചു “ആരതി പറയൂ...” “ മാഷേ $a^2+b^2-2ab$ അല്ലേ? "ശരിയുത്തരം ആരതിക്കിരിക്കാം" ഒരുകൊല്ലം കഴിഞ്ഞപ്പോഴേക്ക് എല്ലാവരും എല്ലാം മറന്നു തുടങ്ങി. "നിങ്ങളാണോ S.S.L.C എഴുതാൻ പോകുന്നത് ആരതിയെ കണ്ട് പഠിക്കു...ആ കുട്ടി എല്ലാത്തിനും ഒന്നാമതാണ്.” അങ്ങനെ ആ കൊല്ലം S.S.L.C കഴിഞ്ഞു റിസൽട്ട് വന്നു. ആരതിക്ക് മുഴുവൻ $A^+$സുകളോടെ വിജയിച്ചിരിക്കുന്നു. അമ്മ ആരതിയെ വാരിപുണർന്നു. അഭിനന്ദനങ്ങളുടെനിറവിൽ അവൾ തിളങ്ങി.

+2 കാലഘട്ടം അവൾ ആ ക്ലാസിന്റെ പൊന്നോമന. ആ വർഷം കായികമൽസരം തീരുമാനിച്ചു. ആരതി എല്ലാത്തിന്റെയും മുൻപിൽ തേരാളിയായി. ഓട്ടനത്സരത്തിനായി പേരുവിളിച്ചു. എല്ലാവരും എത്തി പക്ഷെ അവൾമാത്രം എത്തിയില്ല. സ്കൂൾ പരിസരം മുഴുവൻ തിരഞ്ഞിട്ടും അവളെ കണ്ടെത്താനായില്ല. സന്ധ്യയായി. മകളെ കാണാത്ത വെപ്രാളത്തിൽ ആ അമ്മയുടെ മനസ് പിടഞ്ഞു. ഒരിക്കലും അവൾ വൈകിക്കാറില്ല. പക്ഷെ, ഇന്ന്....
ആ രാത്രിമുഴുവൻ ആ നാട് തിരച്ചിലിലായിരുന്നു ആ ജീവനുവേണ്ടി. പോലീസും നാട്ടുകാരും പുഴയിലും കാട്ടിലും മേട്ടിലും എല്ലാം അന്വേഷിച്ചു. പക്ഷേ, അവളെ കണ്ടെത്താനായില്ല പിറ്റേ ദിവസം രാവിലെ ഇന്നലത്തെക്കാൾ ഊർജിതമായ തിരച്ചിൽ നടന്നു.അന്ന് കാട്ടിൽ ആദിവാസികൾ വിറക് പെറുക്കാൻ പോകുന്ന ദിവസമായിരുന്നു. ആരോ ഞരങ്ങുന്നത് കേട്ട്അവർ കുന്നിൻ ചെരുവിലെത്തി. അവിടെ അതാ ഭ്രാന്തിയെപ്പോലെ സമനില നഷ്ടപ്പെട്ട ആ പെൺകുട്ടി. ആരുടെയും മനസ്സലിയിക്കുന്ന വിധത്തിൽ ആരോ അവളെ പിച്ചിചീന്തിയിരുന്നു.അവൾ വാവിട്ടലറി. ആ നാട്ടുകാർനടുങ്ങി. അന്നത്തെ പത്രങ്ങളിൽ പ്രധാനവാർത്ത.

"കാട്ടിനുള്ളിൽ അബോധാവസ്ഥയിൽ ഒരു പെൺകുട്ടിയെ കണ്ടെത്തി."

ഒന്നരവർഷം അവൾ ഭ്രാന്താശുപത്രിയുടെ തങ്ങലിനുള്ളിൽ വെളിച്ചം കാണാതെ കഴിഞ്ഞു.അവൾ അവിടെ നിന്നും വന്നപ്പോഴേക്ക് മനസ്സുകൊണ്ടും ശരീരംകൊണ്ടും തളർന്നിന്നിരുന്നു.അവളുടെ അമ്മ അവളോട് പറഞ്ഞു: അതിജീവിക്കുന്നവളാണ് ജീവിതവിജയി.അമ്മയുടെ ആ വാക്കുകൾ അവൾക്ക് പ്രചോദനമായി.അവൾ പഠിച്ചു. ഇപ്പോൾ അവൾ ഒരു I.P.S ഓഫീസറാണ്. അവൾ അവളുടെ നാട്ടിലേക്കുള്ള യാത്രയിലാണ്.അവൾ ഓർത്തു അതിജീവനത്തിന്റെ വേരുകൾ,അവളുടെ അമ്മ. അമ്മയുണ്ടായിരുന്നില്ലെങ്കിൽ ഇന്ന് താൻഉണ്ടാകുമായിരുന്നില്ല. അതിജീവനം അവളെ പുതിയൊരു വിജയപഥത്തിൽ എത്തിച്ചു.

ആ അതിജീവനം അവളുടെ വിജയമായിരുന്നു.
ഓരോ പെൺകുട്ടികൾക്കുമുള്ള സന്ദേശവും.ആ വിജയത്തിന് കരുത്തേകിയത് അവളുടെ അമ്മയും തന്റെ ആ നീണ്ട ജീവിതവിജയം അവൾക്കുള്ളിൽ ആഹ്ലാദം പടർത്തി.അവൾ നാട്ടിലെത്തി.പാടവരമ്പിലൂടെ വീട്ടിലേക്ക് നടന്നു. ഉമ്മറത്തിണ്ണയിൽ അവളെയും കാത്ത് രണ്ട് കണ്ണുകളുണ്ടായിരുന്നു.അതിജീവനത്തിന്റെ വേരുകളായിരുന്നു കണ്ണുകൾ.

കവിത

# പുലർകാലം

ഐശ്വര്യ. എസ്. എസ്

പുലർകാലം വന്നു
പുലർകാലം വന്നു
കുരുവികൾ പാടുന്നു
പുലർകാലം എത്തിക്കഴിഞ്ഞു
പുലർന്നു പുലർകാലം
പുലരി പിറന്നു
പുലർകാല കിളികൾ പട്ടുപാടുന്നു
അരുവികൾ പാടുന്നു
പുലരികൾ പൂത്തു
പുലർകാലം പൂത്തു.........പുലർകാലം



*കഥ*

# കാത്തിരുന്ന് കാത്തിരുന്ന്

അഞ്ജന തങ്കപ്പൻ

ഒരിടത്തൊരു വീട്ടിൽ അമ്മു എന്ന പേരുള്ള കുട്ടിയുണ്ടായിരുന്നു.അമ്മുവിന്റെ കുടുംബം ഒരു കൊച്ചുകുടുംബമായിരുന്നു.ഒരു നാൾ ആ കുടുംബം വളരെ ദാരിദ്രത്തിൽ പെട്ടു.പണിയെടുക്കാൻ മടിയായിരുന്ന അവളുടെ അച്ഛൻ ഒരു ദൂര ദേശത്തേക്ക് ജോലി തേടിപ്പോയി. രണ്ടു ദിവസം കഴിഞ്ഞു അപ്പോഴേക്കും അവൾക്ക് അച്ഛനെ കാണാൻ കൊതിയായി.അവൾ അമ്മയുടെ അടുത്ത് തിരക്കി. കുറച്ച് ദിവസം കഴിയുമ്പോൾ വരുമെന്ന് പറഞ്ഞു.അങ്ങനെ അങ്ങനെ ദിവസങ്ങൾ കടന്നുപോയി ആകുടംബം ദുഖത്തിലായി.ഒരിക്കൽ അപ്രതീക്ഷിതമായി  അച്ഛന്റെ കത്ത് അമ്മുവിന്റെ കൈയ്യിൽ എത്തി. അവൾ സന്തോഷം കൊണ്ട് തുള്ളിച്ചാടി അമ്മയെ വിവരമറിയിച്ചു.അമ്മ  ആകാംഷയോടെ  കത്ത് കൈയിൽ എടുത്തു.  അതിന്റെ  ഉള്ളടക്കം  ഇങ്ങനെ ആയിരുന്നു ' പൈസ കുറെ  സമ്പാദിച്ചു.  ഒരു ദിവസം ഞാൻ വരുന്നുണ്ട് അമ്മുവിന് കുറച്ച് സമ്മാനവുമായി 'എന്ന്  സ്വന്തം  രാമൻ   അമ്മു മതിമറുന്നുപോയി.ഒരു ദിവസം  രാവിലെ അമ്മു  ഉമ്മറത്തിരുന്ന് പല്ലുതേക്കുകയായിരുന്നു.അമ്മുണ്ടെട്ടി അതാ അച്ഛൻ വരുന്നു  എന്ന് അമ്മയോട് പറഞ്ഞു. അവർ പുതിയ വീട്  പണിതു.  അമ്മു സന്തോഷവതിയായി.

*ഓർമക്കുറിപ്പ്*

# ചിതറിപ്പോയ പ്രകൃതി

അർച്ചന സീ.ആർ

ഞാൻ ഒരിക്കലും ഇതുപോലൊരു കാഴ്ച്ച ഇതുവരെ കണ്ടിട്ടില്ല. കാരണം അത്രയ്ക്ക് ഭയാനകമായിരുന്നു ആ സംഭവം. അതൊരു അതിജീവനമായിരുന്നു. വെള്ളപ്പൊക്കത്തിൽ നിന്നും രക്ഷപ്പെടാനുള്ള അതിജീവനം. ഈ സംഭവത്തിനു മുൻപ് ഒരു കുഴപ്പവും ഇല്ലായിരുന്നു. മനുഷ്യർ പാറപ്പൊട്ടിക്കുന്നതും മരങ്ങൾ വെട്ടുന്നതും ഒക്കെയുണ്ടായിരുന്നു. അതിനൊക്കെ പരിണിത ഫലമായിരുന്നു ഈ പ്രളയം. ഈ മനുഷ്യർ ഇങ്ങനെയൊക്കെ ചെയ്യില്ലായിരുന്നെങ്കിൽ ഈ പ്രകൃതി എന്തു മനോഹരമായിരുന്നു.

"പ്രളയം വരുന്നതിന് മുൻപ്"

ഞാനും എന്റെ അമ്മയും അച്ഛനും ചേച്ചിയും എന്തു സന്തോഷമായി ജീവിച്ചതായിരുന്നു. കളിയും ചിരിയും തമാശകളും മാത്രമായിരുന്നു ഞങ്ങളുടെ ജീവിതത്തിലുണ്ടായിരുന്നത്. ഇടയ്ക്ക് ഞാനും ചേച്ചിയും തമ്മിൽ അടിയും പിണങ്ങലും ഇണങ്ങലും മാത്രമായിരുന്നു. അങ്ങനെയിരിക്കുമ്പോഴാണ് ജൂൺ മാസം ഒന്നാം തീയ്യതി ഞങ്ങളുടെ സ്കൂൾ തുറന്നത്. അന്നൊന്നും അത്രയ്ക്കും മഴയുണ്ടായിരുന്നില്ല. ആദ്യത്തെ ഒരാഴ്ച ഞാൻ പതിവുപോലെ സ്കൂളിൽപോയി അതിനുശേഷമായിരുന്നു ആ മഹാ പ്രളയം വന്നത്.ഞങ്ങളുടെ വീടും ഞങ്ങളുടെ പ്രദേശത്തുള്ള വീടുകളും.

കുറച്ചുദിവസത്തിനു ശേഷം ഞങ്ങളെല്ലാവരും ദുരിതാശ്വാസ ക്യാമ്പിൽ എത്തിച്ചേർന്നു. അവിടെ എത്തിചേർന്നപ്പോൾ ഞങ്ങളുടെ സന്തോഷമെല്ലാം മാഞ്ഞു പിന്നെ സന്തോഷവുമില്ല കളിയുമില്ല. ചേച്ചിയും ഞാനും തമ്മിലുള്ള വഴക്കുമില്ല. എല്ലാവർക്കും സങ്കടവുമാത്രമായിരുന്നു.


*പക്ഷേ ഈ ദുരിതങ്ങൾ എല്ലാം മറന്ന് ഒരു സന്തോഷം ഉണ്ടായിരുന്നു. ജാതിമത വർഗബോധം ഉണ്ടായിരുന്നില്ല. ഹിന്ദുവും ക്രിസ്ത്യനിയും മുസൽമാനും ഒന്നായിരുന്നു. പണമുള്ളവനും പണമില്ലത്തവനും ഒന്നായിരുന്നു.*

ലേഖനം

# ചാണക്യൻ

ദാനിയൽ സാജ്

ലോകത്തെ ആദ്യത്തെ സാമ്പത്തികശാസ്ത്ര ഗ്രന്ഥമായി പരിഗണിക്കുന്നത് ചാണക്യന്റെ അർത്ഥശാസ്ത്രമാണ്. ബി.സി നാലാം നൂറ്റാണ്ടിലാണ് അദ്ദേഹം ജീവിച്ചിരുന്നത്. മൗര്യവംശ സ്ഥാപകനായ ചന്ദ്രഗുപ്തമൗര്യന്റെ ഗുരുവും വിശ്വസ്തനായ സുഹൃത്തും അനിയായിയും ഉപദേഷ്ടാവുമായിരുന്ന ചാണക്യൻ. ചാണ ക്യൻ നൽകിയ വിലയേറിയ ഉപദേശങ്ങളെ അടിസ്ഥാനമാക്കി



സൈനികതന്ത്രം ആവിഷ്കരിച്ചാണ് ചന്ദ്രഗുപ്തമൗര്യൻ തന്റെ സാമ്രാജ്യം സ്ഥാപിച്ചത് എന്നാണ് ചരിത്രകാരൻമാർ പറയുന്നത്.

**പല പല പേരുകൾ**

ചണകമുനിയുടെ പുത്രനായതിനാൽ ചാണക്യനെന്നും വിഷ്ണു ഭക്തനായിരുന്നതിനാൽ വിഷ്ണുഗുപ്തനെന്നും കുടിലതന്ത്രങ്ങളുടെ ആശാൻ എന്ന നിലയിൽ കൗടില്യൻ എന്നുമെല്ലാം ഇദ്ദേഹം അറിയപ്പെടുന്നു.

**അർത്ഥശാസ്ത്രം**

ഭരണം സുഗമമായി നടത്താൻ ഒരു ഭരണാധികാരിയെ സഹായിക്കുന്ന നിർദേശങ്ങളാണ് അർത്ഥശാസ്ത്രത്തിൽ അടങ്ങിയിരിക്കുന്നത്. രാജാവ് രാജകാര്യങ്ങളിൽ എങ്ങനെ നോക്കി നടത്തണം എങ്ങനെ നോക്കി നടത്തണം എന്ന് അതിൽ വിശദീകരിക്കുന്നു. രാജാവ് സദാസമയവും ജാഗ്രത പാലിക്കണം. പ്രജകളുടെ സന്തോഷമാണ് രാജാവിന്റെ സന്തോഷം.
പ്രജകളുടെ ക്ഷേമമാണ് രാജാവിന്റെ ക്ഷേമം. എല്ലാ വിജയങ്ങളുടെയും അടിസ്ഥാന വ്യവസ്ഥാനയം,നിഷ്ഠ കർശന നിയന്ത്രണം എന്നിവയാണെന്ന് അർത്ഥശാസ്ത്രത്തിൽ അദ്ദേഹം ഊന്നിപ്പറയുന്നു. നീതിയാണ് സമൂഹത്തിന്റെ അടിസ്ഥാന ശില.

രാഷ്ട്രത്തിന്റെ മുഴുവൻ പ്രവർത്തനങ്ങളെയും പല ഭരണവകുപ്പുകളായി അദ്ദേഹം തരംതിരിച്ചു.

**ചാണക്യപുരിയും കൗടില്യമാർഗവും**

ചാണക്യന്റെ നയതന്ത്രവൈദഗ്ധ്യത്തെ സ്മരിച്ചു കൊണ്ടാണ് ഡൽഹിയിലെ നയതന്ത്രകാര്യാലയത്തിന് ചാണക്യപുരിയെന്നും അവിടെയുള്ള രാജകീയ വീഥിക്ക് കൗടില്യമാർഗ് എന്നും പേരിട്ടിരിക്കുന്നു.



**ലേഖനം**

# ഹാരപ്പൻ സംസ്കാരം

അക്ഷയ് കൃഷ്ണ. പി. യു

**ഉത്ഭവം**

സിന്ധു നദിയുടെയും അതിന്റെ കൈവഴുകളുടെയും തീരത്താണ് ഈ സംസ്കാരത്തെ കണ്ടെത്തിയത്. അതുകൊണ്ട് ഈ സംസ്കാരത്തെ സിന്ധു നദീതട സംസ്കാരം എന്നും പറയുന്നു. ഈ സംസ്കാരം അഫ്ഗാനിസ്ഥാൻ, പാക്കിസ്ഥാൻ, ഇന്ത്യ എന്നിവിടചങ്ങളിൽ വ്യാപിച്ചിരിക്കുന്നു.
ഇതിന്റെ കാലഘട്ടം ബി.സി.ഇ 2700 മുതൽ ബി.സി.ഇ 1700 വരെയാണ്.
ആദ്യ ഉദ്ഘനനം 1921 -ൽ പാക്കിസ്ഥാനിലെ ഹാരപ്പയിലാണ്. അതുകൊണ്ട് ഈ സംസ്കാരത്തെ ഹരപ്പൻ സംസ്കാരം എന്നു പറയുന്നു.
ഹരപ്പയിൽ ഉദ്ഘനനത്തിന് നേതൃത്തം നൽകിയത് ദയാറാം സാഹ്നിയാണ് 1921 ലെ ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ഡയറക്ടർ സർ ജോൺ മാർഷൽ ആണ്.



ഹാരപ്പൻ സംസ്കാരത്തെ രണ്ടാമതായി കണ്ടെത്തിയത് മോഹൻജൊദാരൊവിലാണ്.
മോഹൻജോദാരോയിൽ ഉദ്ഘനനത്തിന് നേതൃത്തംനൽകിയത്
ആർ.ഡി.ബാനർജിയാണ്
ഹരപ്പൻ സംസ്കാരത്തിലെ മുഴുവൻ വീടുകൾ,കെട്ടിടങ്ങൾ തുടങ്ങിയവ ചുട്ടഇഷ്ടിക കട്ടകൾക്കൊണ്ട് നിർമിതമാണ്.

**നഗരങ്ങളുടെ സവിശേഷത**

നഗരങ്ങൾക്ക് രണ്ട് ഭാഗം.പടിഞ്ഞാറേ ഉയർന്ന ഭാഗം കോട്ട. കിഴക്കെ താഴ്ന്ന ഭാഗം കീഴ്പട്ടണം. നഗരങ്ങളിലെ കെട്ടിടങ്ങൾ മുഴുവൻ ചുട്ട ഇഷ്ടികകട്ടകൾ കൊണ്ട് നിർമിതമാണ്.

**കോട്ട**

കോട്ട മതിലുകൾകൊണ്ട് സംരക്ഷിച്ചു ധാന്യപ്പുര, കുളിപ്പുര, അസംബ്ലി ഹാൾ എന്നിവ കോട്ടയുടെ ഉള്ളിലുണ്ട് കോട്ടക്കുള്ളിൽ ഭരണാധികാരികൾ താമസാച്ചിരുന്നുവെന്ന് കരുതപ്പെടുന്നു.

**ധാന്യപ്പുര**

കോട്ടയ്ക്കുള്ളിലാണ് ധാന്യപ്പുര സ്ഥിതിചെയ്യുന്നത്. ധാന്യപ്പുര മറ്റു കെട്ടിടങ്ങളേക്കാൾ ഉയരത്തിലാണ് പണിതിട്ടുള്ളത്(വെള്ളം കയറാതിരിക്കാൻ).
ധാന്യങ്ങൾ ഉണക്കാനും സംഭരിക്കാനും ഉള്ള സൗകര്യങ്ങൾ ധാന്യപ്പുരയിലുണ്ടായിരുന്നു. ഗ്രാമങ്ങളിൽനിന്ന് മിച്ചം വന്ന ധാന്യങ്ങളും നികുതി ഇനത്തിൽ വന്ന ധാന്യങ്ങളും ഇവിടെ സൂക്ഷിച്ചിരുന്നു.എന്നിട്ടത് നഗരങ്ങളിലെ ജനങ്ങൾക്ക് നൽകിയിരുന്നു.

**വലിയ കുളിപ്പുര**

പൂർണ്ണമയും ചുട്ട ഇഷ്ടികകൾ കൊണ്ട് ഉണ്ടാക്കി-ദീർഘ ചതുരാകൃതിയിലുള്ള കുളം നാലു വശത്തിൽ ഇടനാഴികകൾ കുളത്തിലേക്ക് ഇറങ്ങുവാൻ പടവുകളുണ്ടായിരുന്നു കുളത്തിന്റെ അടിത്തട്ട് ചുട്ട ഇഷ്ടികകളും, ചുണ്ണമ്പുകല്ലുകളും കൊണ്ടുള്ള ചാന്തും ഉപയോഗിച്ചാണ് നിർമ്മിച്ചത്. കുളത്തിനു ചുറ്റും ധാരാളം മുറികൾ ഉണ്ട്.
ഒരു മുറിയിലെ വലിയ കിണറിൽ നിൻാണ് വലിയ കുളത്തിലേക്ക് ജലം നിറയ്ക്കാനും, മലിനജലം ഒഴുക്കിക്കളയാനുമുള്ള സംവിധാനം ഉണ്ടായിരുന്നു.
വലിയകുളം മതപരമായ ചടങ്ങുകൾക്കുവേണ്ടി ഉപയോഗിച്ചിരുന്നു.

**കീഴ്പട്ടണം**

കിഴക്കെ താഴ്ന്നഭാഗം കീഴ്പട്ടണം. സാധാരണ ജനങ്ങളുടെ വാസസ്ഥലങ്ങൾ എന്നുകരുതപ്പെടുന്നു. ആസൂത്രിതമായ തെരുവുളുടെയും, ഇടവഴികളുടെയും ഇരുവശങ്ങളിലായാണ് വീടുകൾ നിർമ്മിച്ചിരിക്കുന്നത്. നടുമുറ്റവും,മുറികളും നടുമുറ്റത്തേക്ക് തുറക്കുന്ന വീടുകൾ

**അഴുക്കുചാലുകൾ**

എല്ലാം വീടുകൾക്കും അഴുക്കുചാൽ സംവിധാനം ഉണ്ടായിരുന്നു. ഒരോ വീടുകളിൽ നിന്നും അഴുക്കുച്ചുകൾ തെരുവിലെ പ്രധ്ന അഴുക്കുചാലുമായി ബന്ധിപ്പിച്ചു. അഴുക്കുചാലുകൾ ചുട്ട ഇഷ്ടികകട്ടകൾ കൊണ്ട് നിർമ്മിച്ചു.

**മുദ്രകളും തൂക്കങ്ങളും**


വെണ്ണക്കല്ലുകകൾ കൊണ്ടു നിർമിച്ച 2000-ത്തിലേറെ മുദ്രകൾ അവിടെ ഉണ്ടായിരുന്നു,. മുദ്രകളിൽ മൃഗങ്ങളുടെ ചിത്രവും ചിത്രലിപിയുടെ ചിഹ്നങ്ങളുടെ ദീർഘ ദൂര വ്യാപാരം സുഗമമാക്കാൻ സഹായിച്ചു. മുദ്രകളിൽ നിന്നും അക്കാലത്തെ ജങ്ങളുടെ വിശ്വാസരീതിയെക്കുറിച്ചുള്ള തെളിവുകൾ ലഭിച്ചു

**ദൈവാരാധന**

കളിമണ്ണിൽ നിർമിച്ച ധാരാളം സ്ത്രീ രൂപങ്ങൾ ലഭിച്ചു. ഇത് മാതൃ ദൈവാരാധന നിലനിന്നിരുന്നു എന്നതിന്റെ തെളിവാണ്.
പുരുഷ രൂപത്തിലുള്ള ശില്പങ്ങൾ ആദിമ ശിവന്റെ ശില്പങ്ങളാണെന്ന് ചരിത്രകാരൻമാർ പറയപ്പെടുന്നു.
മൃഗങ്ങളെയും വൃക്ഷങ്ങളെയും ഇവർ ആരാധിച്ചിരുന്നു.

**പുരോഹിത രാജാവ്**

മോഹൻജൊദാരൊവിൽ നിന്ന് പുരോഹിത രാജാവിന്റേത് എന്ന് കരുതപ്പെടുന്ന കൽപ്രതിമ ലഭിച്ചു. ഇത് പൂർണമായും കരിങ്കൽ പാളികൊണ്ടാണ് നിർമിച്ചിരുന്നത്.



**ശവസംസ്കാരം**

കുഴികളിലാണ് ശവമടക്കിയിരുന്നത്. ചില കുഴിയുടെ പുറം ഭാഗത്ത് ഇഷ്ടിക പാകിയിരുന്നു. ചില കുഴികളിൽ നിന്ന് ആഭരണങ്ങളും,പാത്രങ്ങളും ലഭിച്ചു. പുനർജന്മത്തിലെ വിശ്വാസമാകാം ഇതിലൂടെ മനസ്സിലാകുന്നത്.
1980-കളിൽ നടന്ന ഖനനത്തിൽ ഹാരപ്പയിലെ സ്മാശാനത്തിൽ നിന്നും കക്കക്കൊണ്ടുള്ള മൂന്നു മോതിരങ്ങളും ഒരു ജാസ്പറിന്റെ മണിയും ലഭിച്ചു. ഒരു പുരുഷന്റെ തലയോട്ടിക്കടുത്താണ് ഇവ കണ്ടെത്തിയത്.
അടക്കം ചെയ്ത വസ്തുക്കളിൽ നിന്ന് ചെമ്പുകൊണ്ടുള്ള കണ്ണാടിയും ലഭിച്ചു.

**കരകൗശല വസ്തുക്കൾ**

ചാൻഹുദാരോ കരകൗശല വസ്തുക്കളുടെ പ്രധാന നിർമാണ കേന്ദ്രമായിരുന്നു. കല്ലുമാലകൾ,സീലുകൾ,തൂക്കക്കട്ടകൾ ലോഹം കൊണ്ടുള്ള വസ്തുക്കൾ എന്നിവ ഇതിൽ പെടുന്നു. കല്ലുമാലകൾ ഉണ്ടാക്കാൻ ചുവന്ന മാണിക്യം, സൂര്യകാന്തം, സ്ഫടികം, പളുങ്ക്, വൈഡൂര്യം തുടങ്ങിയ കല്ലുകളും ചെമ്പ് ഓട്,സ്വർണ്ണം തുടങ്ങിയ ലോഹങ്ങളും ഉപയോഗിച്ചു. കക്കകൊണ്ട് വളകൾ കരണ്ടികൾ നിർമ്മിച്ചു. മൺപാത്രങ്ങളിൽ ചിത്രപണികളില്ല.

## അണിയറയിൽ........



കവർ പേജ്







കളക്റ്റിംഗ്    എഡിറ്റിംഗ്    ടൈപ്പിംഗ്

ഡിസൈനിംഗ്



## വ്യക്തി വിവരണം

# വില്യം ഷേക്സ്പിയർ(1556-1616)

ആദിത്യ വി. ആർ



വിശ്വസാഹിത്യത്തിൽ ഇംഗ്ലീഷ് സാഹിത്യകാരനെന്ന നിലയിൽ വില്യം ഷേക്സ്പിയറിന്റെ സംഭാവനകൾ അനിർവചനീയമാണ്.ചരിത്രനാടകങ്ങളും അതിൽപ്പെടുന്നു.ഷേക്സ്പിയറിന്റെ സാഹിത്യരചനകൾ എല്ലാം തന്നെ മനുഷ്യ സ്വഭാവങ്ങളെക്കുറിച്ചുള്ള ആഴമേറിയ മനസ്സിലാക്കലുകളാണ്. മനസ്സിന്റെ മഹത്വവും,പൈശാചികതയും,ഓരോ പ്രവർത്തിക്കുപിന്നിലുള്ള ലക്ഷ്യവും എല്ലാം ഈ നാടകങ്ങളിൽ വിഷയമായി ഭവിക്കുന്നു. 1964-ൽ ഏപ്രീൽ 23 ന് ഇംഗ്ലണ്ടിലെ സ്റ്റാറ്റ്ഫഡിലാണ് ഷേക്സ്പിയർ ജനിച്ചത്.ജോൺ ഷേക്പിയർ എന്ന വ്യാപാരിയുടേയും മേരി ആൻഡൻ എന്ന റോമൻ കത്തലിക്ക് അംഗത്തിന്റെയും പുത്രനായാണ് വില്യം ജനിച്ചത്. അദ്ദേഹത്തിന് നാല് സഹോദരിമാരും മൂന്ന് സഹോദരന്മരും ഉണ്ടായിരുന്നു.പിതിവിന്റെ ജീവിതത്തിലുണ്ടായ സാമ്പത്തിക പ്രതിസന്ധി ഇദ്ദേഹത്തേ ബല്യത്തിൽ തന്നെ ഇറച്ചിവെട്ടുകാരനായി ജോലിനേടാൻ നിർബന്ധിതനാക്കി.1582-ൽ ഒരു കർഷകപുത്രിയായ ആൻഹാതിവേയെ വിവാഹം കഴിച്ചു.


1588-ൽ ലണ്ടനിൽ എത്തിയ ഷേക്സ്പിയർ 1992-ൽ വിഖ്യാതമായ നാടകകൃത്തും അഭിനേതാവും ആയിരുന്നു.വിനസും അഡോൺസും,റോപ് ഓഫ് ലൂക്രിസ് എന്നീ കവിതകളും ഗീതങ്ങളും കവി എന്നനിലയിൽ ഷേക്സ്പിയറിനെ ഖ്യാതിനേടിക്കൊടുത്തു. അദ്ദേഹത്തിന്റെ 38 നാടകങ്ങളും താരതമ്യപ്പെടുത്താൻ ഇടയില്ലാത്ത ഉയരത്തിലേക്കി അദ്ദേഹത്തെ ഒരു നാടകരചയിതാവായി വളർത്തി.ഹെൻറി ആറാമൻ-ഭാഗം 1,2,3,റിച്ചാർഡ് മൂന്നാമൻ ഇവയാണ് ആദ്യകാലനാടകങ്ങൾ ടെയ്മിംങ് ഓഫ് ദ ഷ്രൂ , ദി കോമഡി ഓഫ് എറേയ്സ്, ദി മെർച്ചന്റ് ഓഫ് വെനീസ്,ട്വൽത്ത് നൈറ്റ് , മിഡ് സമ്മർ നൈറ്റ് ഡ്രീം എന്നി നാടകങ്ങളിൽ മാറ്റ് തെളിയിച്ച ഹാസ്യ നാടകങ്ങളാണ്. *ജൂലിയസ് സീസർ, റോമിയോ ആന്റ് ജൂലിയറ്റ്, ഹാംലെറ്റ് , മാക്ബത്ത്, ഒഥല്ലോ എന്നീ നാടകൾ വിശേഷത്തര ദുരന്തസൃഷ്ടികളായിരുന്നു.1616 ഏപ്രിൽ 23 ന് അദ്ദേഹംമരണമടഞ്ഞു.*

*വ്യക്തി വിവരണം*

# ഒ. എൻ. വി. കുറുപ്പ്

അർച്ചന സീ. ആർ

മലയാളകവിതയുടെ ഹൃദ്യവും മനോഹരവുമായ ഭാവമാണ് ഒ.എൻ.വി കവിതകളിൽതെളിഞ്ഞുകാണുന്നത്. ഒറ്റപ്ലാവിൽ നീലകണ്ഠൻ എന്ന ഒ.എൻ.വി 1931 മെയ് 27 ന് കൊല്ലത്ത് ചവറ എന്ന പ്രദേശത്ത് ജനിച്ചു.മഹാകവി ജി യ്ക്ക് ശേഷം മലയാള കവിത ജ്ഞാന പീഠം പുരസ്കാരം നേടുന്നത് ഒ.എൻ.വി യാണ്.




ആദ്യവികതാസമാരം പൊരുതുന്ന സൗന്ദര്യം 1949-ൽ പുറത്തുവന്നു. മുന്നോട്ട് എന്നതായിരുന്നു ആദ്യ കവിത.

മാറ്റവിൻചട്ടങ്ങള,ദാഹിക്കുന്നപാനപാത്ര, മയിൽപീല, അക്ഷരം, ഉപ്പ്, ശാർങ്ഗകപ്പക്ഷികൾ, കറുത്തപക്ഷിയുടെ പാട്ട് തുടങ്ങിയവയാണ് കൃതിൾ.ചലചിത്രങ്ങൾക്കുവേണ്ടിആയിരത്തിലതികം ഗാനങ്ങളെഴുതി. കേരള സാഹിത്യ അക്കാഡമി അവാർഡ്,കേന്ദ്രസാഹിത്യ അക്കാഡമി അവർഡ്, എം.കെ.കെ അവാർഡ്, പന്തളം കേരളവർമ്മ അവാർഡ്, പത്മശ്രീ എന്നിവ നേടി.ഏറ്റവും നല്ല ചലചിത്ര ഗാനരചയിതാവിനുള്ള പുരസ്കാരവും നേടിയിട്ടുണ്ട്.

കവിത

# നിനവ്

അഹല്യ. കെ. എസ്

പുഷ്പമ എന്നും നിൻ നിനവായ്
കൂരിരുൾ നീക്കി നീ വെളിച്ചമായ്

എന്നെന്നും നിൻമൊട്ട്കാൺകയല്ലോ
എൻ ദിനം മാത്രം സഫലമായ്..........

ഈ മനോഹരിതയാരുതന്നൂ
സൂര്യ ദേവൻ തൻ കനിഞ്ഞു തന്നോ....

പൂർണ്ണ നിലാവിനേക്കാൾ എന്തു ചന്തം
നിന്റെയീ ഇതളുകൾ കണ്ടിരിക്കാൻ....

ദേവിതൻ സൗന്ദര്യം ഇല്ലാതെയാകും
നിൻ കൊച്ചു കുസൃതികൾ കാണേ......കാണേ

സൂര്യനെ കാൺകെ ഞാൻ നിനച്ചു -
പോകും നിന്റെയാ കൊച്ചു പുഷ്പ്ങ്ങളെ

നിനവിലും കനവിലും നീയാണെൻ
കൊച്ചിതൾ കൂട്ടുകാരി.....കൂട്ടുകാരി.....
കൊച്ചിതൾ കൂട്ടുകാരീ.............

# അഭിമാനത്തോടെ, ആഹ്ലാദത്തോടെ,.......



സംസ്ഥാന സ്ക്രൂൾ സാമൂഹ്യശാസ്ത്രമേളയിൽ
വർക്കിംഗ് മോഡൽ - A ഗ്രേഡ്



സംസ്ഥാന സ്കൂൾ സാമൂഹ്യശാസ്ത്രമേളയിൽ
സ്റ്റിൽ മോഡൽ - A ഗ്രേഡ്




സംസ്ഥാന
കായികമേളയിൽ
മികച്ച പ്രകടനം

നാടൻ പാട്ട്
A - ഗ്രേഡ്



# ഇംഗ്ലീഷ് പഠനം ഇനി അന്താരാഷ്ട്ര നിലവാരത്തിൽ

**റീജ. കെ. കെ**

ആധുനിക വിവര സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി അന്താരാഷ്ട്ര നിലവാരത്തിൽ ഇംഗ്ലീഷ് പഠനം ലക്ഷ്യമിട്ട് സ്മാർട്ട് ഇംഗ്ലീഷ് ലാബ് നമ്മുടെ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നു. ഇതിനായി സ്കൂളിലെ അധ്യാപകർ പ്രത്യേകം ആക്ടവിറ്റി ബുക്ക്തയ്യാറാക്കി. മികവുറ്റ ഇംഗ്ലീഷ് പഠനമാണ് ഇതുവഴി ലക്ഷ്യമിടുന്നത്. ഹൈ ടെക് ക്ലാസ് മുറികൾ ഉപയോഗപ്പെടുത്തി " സ്റ്റോറി ടൈം “, "റൈം ടൈം ”, എന്നിവ കൂടാതെ ഇംഗ്ലീഷ് ലാംഗ്വേജ് ലബോറട്ടറി ഉപയോഗപ്പെടുത്തി നടക്കുന്ന "ആക്ടിവിറ്റി ടൈം" എന്നിവ ഇതിന്റെ ഭാഗമായി നടക്കുന്നു.




കൂടാതെ സ്പെയിൻ, റഷ്യ, പോളണ്ട്, തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങളിലെ വിവിധ സ്കൂളുകളിലെ വിദ്യാർത്ഥികളുമായി കത്തുകളിലൂടെയും ഓൺലൈനായും( Online) സംവധിക്കാൻ “ Pen Friend Programme ”, വിദേശ രാജ്യങ്ങളിൽ നിന്നുൾപെടെയുള്ള അതിഥികളുമായി നേരിട്ടും ഓൺലൈനിലൂടെയും സംവധിക്കാനും അതുവഴി ഇംഗ്ലീഷ് ഭാഷ മെച്ചപ്പെടുത്താനും " ഗസ്റ്റ് ടൈം" എന്നിവ ഇതിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്.

കഥ

# അനാഥനമാക്കപെട്ടബാല്യം

ആദിത്യ. എ. എസ്

ഒരു കുളിർത്ത മണിതെന്നൽ വീശിയടിക്കുന്നത് അവളിന്നറിയുന്ന തന്റെ ജനലിഴകളിലൂടെ അവൾ തന്റെ പോയകാല പിരിമുറുക്കത്തെ ഓർത്തെക്കുകയാണ്. പിച്ചിചീന്തപ്പെട്ട ആ നാളുകൾ മനസിൽ വിറങ്ങലിച്ചുനിൽകുകയാണ്. അമ്മയും അച്ഛനും അടങ്ങി തന്റെ സ്വപ്നസുന്ദരമായ ആ ജീവിതത്തെ തകർത്തെറിഞ്ഞ ആ രാത്രി. അവളോർത്തു എന്ത് ചെറുതായിരുന്ന തന്റെ വീട് ഒരു കൊച്ചുസ്വർഗം വീടിനെപൊതിഞ്ഞുകൊണ്ട് അമ്മയുടെ ആഗ്രഹങ്ങൾക്കനുസരിച്ച് ഒരു കൊച്ചുപൂന്തോട്ടവും. അന്നവൾ ഓർക്കുന്നു.നല്ല മഴയായിരുമന്നു. തുലാവർഷത്തിന്റെ ആർത്തിരമ്പൽ. അന്നുമുഴുവൻ അവൾ വെറുതെവീട്ടിലിരുന്നുമഴയെനൊക്കി. അമ്മയെപ്പെടിച്ച് മഴയത്തിറങ്ങാൻ അവൾ ധൈര്യപ്പെട്ടില്ല അച്ഛന്റെ അസാന്നിധ്യം അവളെ ഒരു പാട് വേദനിപ്പിക്കുന്നുവെന്ന് അമ്മ മനസിലാക്കിയിരുന്നു. മുറ്റത്ത്തുള്ളിയായിപെയ്ത മഴയിൽകൈകൾനീട്ടി അവൾ അച്ഛന്റെ വരവിനെ കാത്തിരുന്നു. കഴിക്കാൻ അമ്മ അകത്തുനിന്ന് വിളിക്കുന്നുണ്ട് എന്നാൽ കഴിക്കാൻ അവൾക്ക് തോന്നുന്നില്ല.ഇന്നുവരെ അച്ഛനില്ലതെ അവൾ അത്താഴം കഴിച്ചിട്ടില്ല. രാവിലത്തെമഴ സന്ധ്യയേയുംരാത്രിമുക്കി. അത് ശരിക്കും മഴയായിരുന്നോ അല്ല.രക്തപുഴയായിരുന്നു.മഴയുടെരോക്ഷം തന്നോടുംതന്റെ കുടുംബത്തോടുമായിരുന്നു. അല്ലെങ്കിൽ ഉറങ്ങികിടന്ന അവളെയും അമ്മയെയുംകീറിമുറിച്ചുകൊണ്ട് അയാൾ വരില്ലായിരുന്നു.ആ രാത്രി എന്താണ് സത്യത്തിൽ സംഭവിച്ചത്? എന്താണയാൾ പറഞ്ഞത്? തന്റെ അച്ഛൻ ഇനിയില്ലെന്ന് അയാൾക്കെങ്ങനെ അത് പറയൻ തോന്നി. തന്റെ അമ്മയെകൊന്നുകളഞ്ഞതയാളല്ലെ സത്യൽ.കലിതുള്ളിയമഴയിൽ ഉണ്ടായ ഉരൾപ്പൊട്ടലിൽ അച്ഛൻ പണിയെടുത്ത വീടും ആൾക്കാരും ഒലിച്ചുപോവുകയുമുണ്ടയി. അതിൽ എൻ്റച്ഛനും എനിക്ക് നഷ്ടമായി.വന്ന് പറഞ്ഞത് കൂടെ പണിയെടുത്ത ഒരാളായിരുന്നുപോലും അയാൾമാത്രം എങ്ങനെയോ രക്ഷപ്പെട്ടു.ആ വാർത്തകേട്ട ഹൃദയാഘാതംവന്ന് തളർന്ന് വീണ എന്റെ അമ്മ. ഒരു രാത്രി ഒരു മഴകൊണ്ട് എനിക്ക് നഷ്ടമായത് എന്റെ ജീവിതമായന്നു. 10 വയസുള്ള കുട്ടി ഒരു രാത്രികൊണ്ട്

അനാഥയായി. അന്ന് എന്ത് ചെയ്യണമെന്ന്പോലും എനിക്കരറിയില്ലായിരുന്നു. ഇന്ന് എനിക്ക് 20 വയസുണ്ട് പത്ത് വർഷങ്ങളാണ് കടന്ന്പോയത് ആ രാത്രി എന്നിൽ ഇന്നും മായാതെ നിൽക്കുമ്പോഴും ഞാൻ സന്തോഷികുകയാണ് .

എനിക്കിന്ന് അച്ഛനമ്മമാർ നാലുപേരാണ് . നിങ്ങൾ ഓർക്കുന്നില്ലെ എന്റെ അച്ഛന്റെ മരണമറിയിച്ച അയാൾ. അദ്ദേഹം എന്റെ അച്ഛനും അദ്ദേഹത്തിന്റെ ഭാര്യ എന്റെ അമ്മയുമാണ് എനിക്ക് ഒരു ഏട്ടനുമുണ്ട്. നിങ്ങൾ വിച്ചാരിക്കും ഞാനെന്തിനാണ് അയാളെ ആദ്യം കൊലയാളിയെന്ന് വിളിച്ചതെന്ന് ?, ഒരു ബാലമനസിൽ അച്ഛനും അമ്മയും നഷ്ടപ്പെട്ടവേദന അങ്ങനെയാണെനിക്ക് തോന്നിയത്. കുറെനാൾ അനാഥാലയങ്ങൾ കേറിയിറങ്ങി എന്റെ മനസമുഴുവൻ ഒരു ഭ്രാന്ത്പിടിച്ച അവസ്ഥയിലായിരുന്നു. ആരും എന്റെ അടുത്ത് വന്നത്പോലും എനിക്ക് പേടിയായിരുന്നു. ഒരു വിഭ്രാന്തി എന്ന് പറയാം . അപ്പോഴാണ് അദ്ദേ ഹം എന്നെ ദത്തെടുത്തക്കാൻ തയ്യാറായത് . ഒരു നൂലാമാലകൾ നിറഞ്ഞതായിരുന്നു അത്. കോടതി കേറിയിറങ്ങേണ്ട അവസ്ഥ . അതിനിടയിൽ എന്റെ പ്രാന്തും. അവസാനം ഇന്ന് പഠിക്കുവാൻ പോവുകയാണ്. ഒരുവലിയ സ്വപ്നം സാക്ഷാൽകരിക്കാൻ പോവുകയാണ്. എന്റെ നാല് അച്ഛനുംഅമ്മയുമാണി വിജയം പിന്നെ ലോകം മുഴുവൻ ഉള്ള ഓരോ അനാഥർക്കും

# കടങ്കഥകൾ

1. ഓടും കുതിര ചാടും കുതിര വെള്ളം കണ്ടാൽ നിൽക്കും കുതിര-ചെരുപ്പ്
2. കാട്ടിലൊരു ചോരതുള്ളി-മഞ്ചാടി
3. ഉടുതുണിയില്ലാത്തവൻ കുടചൂടിനിന്നു-തെങ്ങ്
4. മുറ്റത്തെ ചെപ്പിന് അടപ്പില്ല-കിണർ
5. രണ്ടു തോടിനും ഒറ്റപ്പാലം-മൂക്ക്
6. കൈപ്പടം പോലെ ഇല കൈവിരൽ പോലെ കായ-വെണ്ടക്ക
7. ആകാശത്തെത്തുന്ന തോട്ടി-കണ്ണ്
8. ഞെട്ടയില്ല വട്ടയില്ല -പപ്പടം
9. വെളുത്ത റോട്ടിൽ കറുത്ത കാർ-കണ്ണ്
10. കാളകിടക്കും കയറോടും-മത്തങ്ങ
11. ഇല്ലിക്കൊമ്പിൽ പല്ലി മുട്ട-നെല്ലിക്ക
12. ഉണ്ടാക്കുന്നവൻ ഉപയോഗിക്കുന്നില്ല ഉപയോഗിക്കുന്നവൻ അറിയുന്നില്ല -ശവപ്പെട്ടി
13. ഒറ്റക്കാലൻ ചന്തയ്ക്ക്പ്പോയി -കുട
14. മണ്ണിനുള്ളിലെ സ്വർണ്ണക്കട്ട -മഞ്ഞൾ
15. ആയിരം കണ്ണന് ഒറ്റക്കൊക്ക് -വാഴക്കുല
16. ആയിരം വള്ളി അരുമവള്ളി ആറ്റിലിട്ടാൽ ഒറ്റ വള്ളി -മുടി
17. പൂക്കില്ല കായ്ക്കില്ല വെട്ടിയാൽ തളിർക്കും-മുടി
18. മുള്ളുണ്ട് മുരുക്കല്ല പാലുണ്ട് പശുവല്ല -ചക്ക
19. അകത്തു രോമം പുറത്തിറച്ചി -മൂക്ക്
20. വീട്ടിൽ സ്വാർത്തൻ നാട്ടിൽ വമ്പൻ -തോക്ക്
21. ആനയെ കെട്ടാൻ മരമുണ്ട് കടുക് പൊതിയാൻ ഇലയില്ല -പുളിമരം
22. കാടുവെട്ടി പാറകണ്ടു പാറവെട്ടി വെള്ളികണ്ടു വെള്ളം കണ്ടു -തേങ്ങ
23. അമ്പാട്ടുപട്ടിക്ക് മുമ്പോട്ട് വാല് -ചിരവ
24. ഇട്ടാൽപൊട്ടും ഇംഗ്ലിഷ് മുട്ട -കടുക്
25. കണ്ടാൽ കുരുടൻ കശിനു മിടുക്കൻ -കുരുമുളക്

# പഴംചൊല്ലുകൾ

## അഹല്യ. കെ. എസ്

- ➔ എല്ലുമുറിയെ പണിയെടുത്താൽ പല്ലുമുറിയെ തിന്നാം
- ➔ ഐക്യമത്യം മഹാബലം
- ➔ ഗതികെട്ടാൽ പുലിപ്പുല്ലും തിന്നും
- ➔ വിത്തുഗുണം പത്തുഗുണം
- ➔ മൂത്തവർ ചൊല്ലും മുതുനെല്ലിക്ക ആദ്യം കയ്ക്കും പിന്നെ മധുരിക്കും
- ➔ ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട
- ➔ മഴയൊന്ന് പെയ്താൽ മരമേഴുപെയ്യും
- ➔ തിരുവാതിര ഞാറ്റിൽ അമൃത് മഴ
- ➔ തിരുവാതിരയിൽ നൂറുമഴയും നൂറുവെയിലും
- ➔ ഇടവത്തിൽ മഴ ഇടവഴിനീളെ
- ➔ കുമ്പത്തിൽ മഴപെയ്താൽ കുപ്പിയിലും നെല്ല് മുളയ്ക്കും
- ➔ പെരുമഴപെയ്താൽ കുളിരില്ല

കവിത

# രണ്ട് മിഴികൾ

മീര

രണ്ട് മിഴികളിലൂടെ ദുഃഖത്തെ മായ് ക്കുന്ന പെൺകുട്ടി
വലിയ മിഴികൾ തുറന്ന് സന്തോഷിക്കുന്ന പെൺകുട്ടി
വലിയ മിഴികൾ തുറന്നും അടച്ചും കളിക്കുന്ന പെൺകുട്ടി
മിളികൾ കൊണ്ട് ചിന്തക്കുന്ന പെൺകുട്ടി

മിഴിയാണ് ഒരു പെൺകുട്ടിയുടെ സൗന്ദര്യം
ആ മിഴി അവൾക്ക് നല്ല ജീവിതം നൽകുന്നു
എത്ര പറഞ്ഞാലും തീരാത്ത രണ്ട് മിഴികൾ
എത്ര ഓർത്താലും മതിതീരാത്ത മിഴികൾ

എല്ലാവർക്കും കാണപ്പെടുന്ന മിഴികൾ
ആരെയും കാണുമ്പോൾ മിഴിക്കുന്ന രണ്ട് മിഴികൾ
മിഴിയാണ് നമുക്ക് സൗന്ദര്യം നൽകുന്നത്
രണ്ട് മിഴിയോട് ജനിക്കുന്നവ രണ് നമ്മൾ

രണ്ടു മിഴികളും ദൈവം തന്ന ദാനമാണ്
രണ്ടു മിഴികൾകൊണ്ടും സന്തേഷം കാണുന്നു
മിഴികലൂടെ നമ്മുടെ ദുഃഖത്തെ അറിയുന്നു
മിഴിയിയൂടെ ഓരോ മനുഷ്യരും സ്വപ്നം കാണുന്നു
സ്വപ്നം ദുഖഃവും മനുഷ്യന് ഉണർവേകുന്നു

# ചില നിമിഷങ്ങളിലൂടെ.........





































## നാടിനെ അറിഞ്ഞ് നാട്ടറിവുയാത്രകൾ

ഓടപ്പള്ളം ഗവ.ഹൈസ്കൂൾ സാമൂഹ്യശാസ്ത്രക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തിയ നാട്ടറിവുയാത്രയുടെ ഭാഗമായി കുട്ടികൾ ഞാറ് നടുന്നു

**കൽപ്പറ്റ**

ഓടപ്പള്ളം ഗവ.ഹൈസ്കൂൾ സാമൂഹ്യശാസ്ത്രക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നാട്ടറിവുയാത്രകൾ സംഘടിപ്പിച്ചു. മറഞ്ഞു തുടങ്ങിയ നാട്ടറിവുകളിലൂടെ നാടിനെ അറിയുകയാണ് ലക്ഷ്യം. പുതുവീട് വയലിലെത്തി കൃഷിക്കാരുമായി അഭിമുഖം നടത്തി ആദ്യത്തെ നാട്ടറിവു യാത്രയിലൂടെ നാട്ടറിവുകൾ ശേഖരിച്ച വിദ്യാർഥികൾ ഞാറു നട്ടു. ക്ലാസ്സ് സമയം നഷ്ടപ്പെടുത്താതെ നടത്തുന്ന നാട്ടറിവുയാത്രകൾക്ക് ശേഷം ശേഖരിച്ച വിവരങ്ങൾ സെമിനാർ രൂപത്തിൽ മറ്റു കുട്ടികളുടെ മുന്നിൽ അവതരിപ്പിക്കുകയും ചെയ്യും. സ്കൂൾ സാമൂഹ്യശാസ്ത്രക്ലബ് കോർഡിനേറ്റർ പി ജി വിനീത, ടി ബി ബാബു, സുരേഷ്, കർഷകരായ സന്തോഷ്, ശ്രീധരൻ തുടങ്ങിയവർ സംസാരിച്ചു.

ബ്ലാക്ക് ബോർഡ്





" നിങ്ങൾ എക്കാലവും ജീവിക്കും എന്നപോലെ പഠിക്കു
നാളെ മരിച്ചു പോകാം എന്നപോലെ ജീവിക്കു "

-ഗാന്ധിജി

# നന്ദിപൂർവ്വം ........

സൃഷ്ടികൾ തന്ന സഹായിച്ചവർക്ക്,
എല്ലാപ്രവർത്തനങ്ങളിലും കൂടെ നിന്ന
ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിലെ
കൂട്ടുകാർക്ക്,
നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും
തന്ന പ്രിയ അധ്യാപകർക്ക്, ........

ഒരായിരം നന്ദി ................



സ്നേഹത്തോടെ
എഡിറ്റർ

thanks